എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണ
വകുപ്പ് മന്ത്രി
കേരള സർക്കാർ

തിയ്യതി:18/08/18

**അടിയന്തര സന്ദേശം**

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വലിയ വെള്ളപ്പൊക്കവും മഴക്കെടുതിയും നേരിടുന്നതിനായി റവന്യൂ അധികാരികളുമായി സഹകരിച്ചുകൊണ്ട് താഴെപറയുന്ന അടിയന്തര നടപടികൾ എല്ലാ നഗരസഭകളും, ഗ്രാമപഞ്ചായത്തുകൾ വഴി അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും സ്വീകരിക്കേണ്ടതാണ്.

- പ്രളയബാധിതമായ പഞ്ചായത്ത് / നഗരസഭ / കോർപ്പറേഷനോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന നിലവിൽ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജലാംശമില്ലാത്ത ഭക്ഷ്യവസ്തുക്കൾ (**dry food items**) ബിസ്ക്കറ്റ്, റസ്ക്, ബ്രഡ്, ബൺ, പഴങ്ങൾ, അവൽ മുതലായവ), കുപ്പിവെള്ളം എന്നിവ ശേഖരിച്ച് ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് എത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം.

വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും പെട്ട് ദുരിതാശ്വാസക്യാമ്പുകളിലുള്ളവർക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ (അരി, പയർ, പഞ്ചസാര, തേയില, കുപ്പിവെള്ളം, ഭക്ഷ്യഎണ്ണ, മറ്റ് പലവ്യഞ്ജന സാധനങ്ങൾ സമാഹരിച്ച് ആവശ്യമായ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കേണ്ടതാണ്.

ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, മരുന്ന് തുടങ്ങിയവ എത്തിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രണവിധേയമായതിനു ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും എല്ലാ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

വിവിധ കേന്ദ്രങ്ങളിൽ നിന്ന് സമാഹരിച്ച് എത്തിക്കുന്ന സാധന സാമഗ്രികൾ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത സമീപ പഞ്ചായത്തുകളിൽ / നഗരസഭകളിൽ ശേഖരിച്ച് ആവശ്യാനുസരണം പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

മേൽ നടപടികൾ എല്ലാ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും കർശനമായും സ്വീകരിക്കേണ്ടതും, ഇതിൽ വീഴ്ചവരുത്താൻ പാടില്ലാത്തതുമാണ്.

എ. സി മൊയ്തീൻ

എല്ലാ കോർപ്പറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭ ചെയർമാൻ / ചെയർപേഴ്സൺമാർക്കും / സെക്രട്ടറിമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.